# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1679. 12/06/2019 -ൽ മറുപടിക്ക്

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ അക്കാദമിക് മേന്മ പരിശോധിക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ അക്കാഡമിക് അപ്രൈസൽ റിപ്പോർട്ടിന്റെ രൂപരേഖ 2019 ജൂൺ 1-ാം തീയതി ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ നിലവാരമുൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സ്വയംഭരണ കോളേജുകളും സർവ്വകലാശാലകളും തമ്മിൽ നിരന്തരമായി ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ; | (ബി) സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി യൂണിവേഴ്സിറ്റി ലോ (മൂന്നാം ഭേദഗതി) ആക്റ്റ്, 2014 പ്രകാരം ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയെ അധികാരപ്പെടുത്തി യിട്ടുണ്ട്. |
| (സി) സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങു വാനുള്ള നിർദ്ദേശം സർവ്വകലാശാലക്ക് സമർപ്പിച്ചാൽ സർവ്വകലാശാലകൾ അതിന്മേൽ തീരുമാനം എടുക്കുന്നത് അനന്തമായി നീളുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത വിഷയം 01/06/2019 ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചർച്ച ചെയ്യുകയും സ്വയംഭരണ കോളേജുകൾ തയ്യാറാക്കി നൽകുന്ന പുതിയകോഴ്സ്/ സിലബസ് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ സർവ്വകലാശാലകൾക്ക് 180 ദിവസത്തെ സമയം അനുവദിക്കുന്ന തരത്തിൽ നിയമഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും ഇടപെടലുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനായി സമയബന്ധിതമായി ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റി ലോ (മൂന്നാം ഭേദഗതി) ആക്ട് 2014 ൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**